പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3634 | 20/10/2016-ൽ മറുപടിക്ക്

കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്)

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വിൻസെന്റ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിന്റെ 15.06.2015-ലെ 99/2016/പൊവിവ എന്ന ഉത്തരവ് പ്രകാരം ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂൾ അദ്ധ്യാപകർക്കുള്ള വകുപ്പുതല യോഗ്യതാ പരീക്ഷയായ കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് 2018-19 അദ്ധ്യയന വർഷം വരെ ദീർഘിപ്പിച്ച നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 15-6-2016-ലെ സ.ഉ (പി) നം. 99/2016/പൊവിവ പ്രകാരം 2015-16 അദ്ധ്യയനവർഷത്തിൽ നിയമിതരായ അദ്ധ്യാപകർക്കും (2012-13 മുതൽ 14-15 ലേതിനു സമാനമായി) കെ-ടെറ്റ് യോഗ്യത പരീക്ഷ പാസ്സാകുന്നതിന് 2017-18 അദ്ധ്യയന വർഷം വരെ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) നിലവിൽ ഹൈസ്കൂൾ അദ്ധ്യാപക നിയമനത്തിന് ബിരുദവും ബി.എഡ്-ഉം ആണ് യോഗ്യത എന്നിരിക്കെ കെ-ടെറ്റ് എന്ന നിർബന്ധിത വകുപ്പുതല പരീക്ഷ എഴുതുന്നതിന് ബി.എ-യ്ക്ക് 45% മാർക്കും സയൻസ് വിഷയങ്ങൾക്ക് 60% മാർക്കും (ബി.എസ്.സി) ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (ബി) ബി.എ/ബി.എസ്.സി/ബി.കോം പരീക്ഷകളിൽ 45% മാർക്കും അതാത് വിഷയങ്ങളിലുള്ള ബി.എഡും ആണ് കാറ്റഗറി മൂന്നിൽ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. സംവരണവിഭാഗങ്ങൾക്ക് (എസ്.സി/എസ്.റ്റി-5% വും, ഒ.ബി.സി 3% വും) ബിരുദത്തിന് മാർക്കിളവ് അനുവദിച്ചിട്ടുണ്ട്. |
| (സി) ഇത്രയും ശതമാനം മാർക്ക് ഇല്ലാത്ത നിലവിലുള്ള അദ്ധ്യാപകർക്ക് പ്രസ്തുത പരീക്ഷ എഴുതുവാൻ സാധിക്കില്ലായെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) മറ്റ് വകുപ്പ് തല പരീക്ഷകൾക്ക് (കെ.എസ്.ആർ അക്കൗണ്ട് ടെസ്റ്റ്) ഇത്തരത്തിലുള്ള മാർക്ക് ശതമാനം ബാധകമല്ലാത്തതിനാൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ പ്രസ്തുത പരീക്ഷയിൽ നിന്നും ഒഴിവാക്കുകയോ, മാർക്ക് നിബന്ധനയില്ലാതെ അവർക്ക് കൂടി പരീക്ഷ എഴുതുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) 25/07/2012 ലെ ജി.ഒ (പി) നം. 244/12/പൊവിവ സർക്കാർ ഉത്തരവ് പ്രകാരം 31/03/2012 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരെ കെ-ടെറ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 1/6/2012 ന് ശേഷം അദ്ധ്യാപക തസ്തികയിൽ നിയമനാംഗീകാരം ലഭിക്കണമെങ്കിൽ കെ-ടെറ്റ് പാസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 13/01/2015 ലെ ജി.ഒ |

(പി) നം.10/15/പൊവിവ
സർക്കാർ ഉത്തരവ് പ്രകാരം 2018-നുള്ളിൽ കെ-ടെറ്റ് യോഗ്യത നേടുന്നതിന് നിലവിലുള്ള അദ്ധ്യാപകർക്ക് സമയം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ